പരപ്പനങ്ങാടി നഗരസഭ കാര്യാലയം

പരപ്പനങ്ങാടി പി.ഒ, മലപ്പുറം, കേരളം - 676303

നമ്പർ:E1/654001/2025 തീയതി: 03/11/2026

പൊതുലേലം / ക്വട്ടേഷൻ നോട്ടീസ്

വിഷയം: പരപ്പനങ്ങാടി നഗരസഭ – നഗരസഭാ കാര്യാലയത്തിന് പിന്നിൽ പുതിയ നഗരസഭാ ബസ് സ്റ്റാൻഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മത്സ്യമാർക്കറ്റും മത്സ്യമാർക്കറ്റിന്റെ വടക്കുഭാഗത്തുള്ള കടമുറികളും പൊളിച്ചുനീക്കി ലഭിക്കുന്ന വസ്തുക്കൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ ഏറ്റെടുക്കുന്നതിനുള്ള പൊതുലേലം / ക്വട്ടേഷൻ – സംബന്ധിച്ച്.

പരപ്പനങ്ങാടി നഗരസഭാ കാര്യാലയത്തിന് പിന്നിൽ പുതിയ നഗരസഭാ ബസ് സ്റ്റാൻഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മത്സ്യമാർക്കറ്റും മത്സ്യമാർക്കറ്റിന്റെ വടക്കുഭാഗത്തുള്ള കടമുറികളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, LID&EW സബ് ഡിവിഷൻ, പരപ്പനങ്ങാടി അംഗീകരിച്ച സർവേ റിപ്പോർട്ട്/സാങ്കേതിക റിപ്പോർട്ട് പ്രകാരം പൊളിച്ചുനീക്കി സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതുണ്ട്.

പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നതിനും പൊളിച്ചുനീക്കുമ്പോൾ ലഭിക്കുന്ന മുഴുവൻ വസ്തുക്കളും അവശിഷ്ടങ്ങളും ഏറ്റെടുത്ത് സ്വന്തം ചെലവിൽ നീക്കം ചെയ്യുന്നതിനുമായി നഗരസഭാ കൗൺസിൽ തീരുമാനം നമ്പർ 28, തീയതി 31/10/2026 പ്രകാരം, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി **10/11/2026-ന് രാവിലെ 11.00 മണിക്ക് പരപ്പനങ്ങാടി നഗരസഭാ ഓഫീസിൽ വെച്ച് പൊതുലേലം നടത്തുന്നതാണ്.**

പൊതുലേലത്തിൽ പങ്കെടുക്കുന്നതിനു പുറമേ, താൽപര്യമുള്ളവർക്ക് ഈ നോട്ടീസിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്രവെച്ച ക്വട്ടേഷനും സമർപ്പിക്കാവുന്നതാണ്.

1. ലേലത്തിനും ക്വട്ടേഷനും ഉൾപ്പെടുന്ന വസ്തുക്കൾ

1.1. നഗരസഭാ കാര്യാലയത്തിന് പിന്നിൽ നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മത്സ്യമാർക്കറ്റ് കെട്ടിടവും അതിന്റെ വടക്കുഭാഗത്തുള്ള കടമുറികളും ചേർന്നതാണ് ലേലത്തിനും ക്വട്ടേഷനും വിധേയമായ ഏക യൂണിറ്റ്.

1.2. മത്സ്യമാർക്കറ്റും വടക്കുഭാഗത്തെ കടമുറികളും വെവ്വേറെ ലേലം ചെയ്യുന്നതല്ല. രണ്ടും ഒരുമിച്ച് ഏറ്റെടുക്കുന്നതിനുള്ള തുകയായിരിക്കണം ലേലത്തിലും ക്വട്ടേഷനിലും രേഖപ്പെടുത്തേണ്ടത്. ഭാഗികമായോ ഏതെങ്കിലും ഒരു കെട്ടിടം മാത്രം ഉൾപ്പെടുത്തിയുള്ളതോ ആയ ലേലവും ക്വട്ടേഷനും സ്വീകരിക്കുന്നതല്ല.

1.3. പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ചുനീക്കുമ്പോൾ ലഭിക്കുന്ന എല്ലാ പുനരുപയോഗിക്കാവുന്ന വസ്തുക്കളും സ്ക്രാപ്പുകളും പൊളിക്കൽ അവശിഷ്ടങ്ങളും ഈ ലേലത്തിൽ ഉൾപ്പെടുന്നതാണ്. ഇതിൽ മേൽക്കൂരയുടെയും ഭിത്തികളുടെയും തറയുടെയും ഘടകങ്ങൾ, ഇരുമ്പ്, സ്റ്റീൽ, മരം, വാതിലുകൾ, ജനലുകൾ, ഷട്ടറുകൾ,

കോൺക്രീറ്റ്, ഇഷ്ടിക, കല്ല്, മണ്ണ്, മറ്റ് നിർമ്മാണ സാമഗ്രികൾ, പൊളിക്കൽ മൂലം ഉണ്ടാകുന്ന അവശിഷ്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു.

1.4. പൊളിച്ചുനീക്കേണ്ട കെട്ടിടങ്ങളുടെ പരിധിയും ലേലത്തിൽ ഉൾപ്പെടുന്ന വസ്തുക്കളും നഗരസഭ തയ്യാറാക്കിയ സാങ്കേതിക റിപ്പോർട്ട്, സ്കെച്ച്, അനുബന്ധ പട്ടിക എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതായിരിക്കും. പ്രസ്തുത രേഖകളിൽ ഉൾപ്പെടാത്ത സമീപത്തെ മറ്റ് കെട്ടിടങ്ങളോ വസ്തുക്കളോ ലേലത്തിൽ ഉൾപ്പെട്ടതായി കണക്കാക്കാൻ പാടില്ല.

1.5. ലേലത്തിൽ ഉൾപ്പെടുന്ന വസ്തുക്കൾ കെട്ടിടത്തിന്റെ നിലവിലുള്ള അവസ്ഥയിൽ (As is where is basis) ആയിരിക്കും കൈമാറുന്നത്. വസ്തുക്കളുടെ അളവ്, ഗുണനിലവാരം, പുനരുപയോഗയോഗ്യത, വിപണിമൂല്യം എന്നിവ സംബന്ധിച്ച് നഗരസഭ പ്രത്യേക ഉറപ്പ് നൽകുന്നതല്ല.

2. ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കൽ

2.1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേലം ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി ₹5,000/- (അയ്യായിരം രൂപ മാത്രം) നിരതദ്രവ്യമായി നഗരസഭയിൽ അടയ്ക്കേണ്ടതാണ്.

2.2. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ₹5,000/- (അയ്യായിരം രൂപ മാത്രം) നിരതദ്രവ്യം ഡിമാൻഡ് ഡ്രാഫ്റ്റായോ നഗരസഭയിൽ തുക അടച്ചതിന്റെ അസൽ രസീതായോ ക്വട്ടേഷൻ കവറിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

2.3. നിരതദ്രവ്യം പണമായി/ചെക്കായി ക്വട്ടേഷൻ കവറിനുള്ളിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. നിരതദ്രവ്യം ഇല്ലാത്തതോ നിർദ്ദിഷ്ട രീതിയിൽ സമർപ്പിക്കാത്തതോ ആയ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.

2.4. ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ എന്നിവ ഹാജരാക്കേണ്ടതാണ്. മറ്റൊരാളുടെ പ്രതിനിധിയായി പങ്കെടുക്കുന്നവർ അധികാരപ്പെടുത്തിയതിന്റെ രേഖയും ഹാജരാക്കണം.

2.5. ക്വട്ടേഷൻ സമർപ്പിച്ച വ്യക്തിയോ അയാളുടെ രേഖാമൂലം അധികാരപ്പെടുത്തിയ പ്രതിനിധിയോ ലേലം നടക്കുന്ന സമയത്ത് ലേലഹാളിൽ നിർബന്ധമായും ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം അയാളുടെ ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.

3. ക്വട്ടേഷൻ സമർപ്പിക്കേണ്ട രീതി

3.1. താൽപര്യമുള്ളവർ മുദ്രവെച്ച കവറിൽ ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്. കവറിനു പുറത്ത് താഴെപ്പറയുന്ന വിവരം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്:

“പരപ്പനങ്ങാടി മത്സ്യമാർക്കറ്റും വടക്കുഭാഗത്തുള്ള കടമുറികളും പൊളിച്ചുനീക്കി ലഭിക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്നതിനുള്ള ക്വട്ടേഷൻ.”

3.2. ക്വട്ടേഷനിൽ വാഗ്ദാനം ചെയ്യുന്ന മൊത്തം തുക വ്യക്തമായി രേഖപ്പെടുത്തണം. തുകയിൽ തിരുത്തലുകളോ അവ്യക്തതകളോ ഉണ്ടായിരിക്കരുത്.

3.3. ക്വട്ടേഷൻ 09/11/2026 വൈകുന്നേരം 4.00 മണിക്ക് മുമ്പായി പരപ്പനങ്ങാടി നഗരസഭാ ഓഫീസിൽ ലഭിച്ചിരിക്കണം. സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

3.4. ക്വട്ടേഷനോടൊപ്പം ₹5,000/- നിരതദ്രവ്യത്തിന്റെ അസൽ ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നഗരസഭയിൽ തുക അടച്ചതിന്റെ അസൽ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്, കൂടാതെ തിരിച്ചറിയൽ രേഖയുടെ പകർപ്പോ, ആവശ്യമായ അധികാരപത്രമോ ഉള്ളക്കം ചെയ്യേണ്ടതാണ്.

3.5. ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി ക്വട്ടേഷൻ പിൻവലിക്കുകയോ, ക്വട്ടേഷനിൽ വാഗ്ദാനം ചെയ്ത തുക നൽകാൻ വിസമ്മതിക്കുകയോ, അംഗീകരിച്ച വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ, നിയമാനുസൃതവും നോട്ടീസിലെ വ്യവസ്ഥകൾക്കനുസൃതവുമായ നടപടികൾ സ്വീകരിക്കുന്നതാണ്.

4. ലേലവും ക്വട്ടേഷനും പരിഗണിക്കുന്ന രീതി

4.1. നിശ്ചിത സമയത്ത് ലഭിച്ച മുദ്രവെച്ച ക്വട്ടേഷനുകൾ ലേലം നടക്കുന്ന ദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.

4.2. ലേലത്തിൽ ലഭിക്കുന്ന ഏറ്റവും ഉയർന്ന തുകയും ലഭിച്ച ക്വട്ടേഷനുകളിൽ സാധുവായ ഏറ്റവും ഉയർന്ന തുകയും താരതമ്യം ചെയ്യുന്നതാണ്.

4.3. ലേലത്തിലോ ക്വട്ടേഷനിലോ ലഭിക്കുന്ന ഏറ്റവും ഉയർന്ന തുക (ഏതാണോ കൂടുതൽ) രേഖപ്പെടുത്തി, നഗരസഭാ കൗൺസിലിന്റെ അംഗീകാരത്തിനും നിയമാനുസൃത നടപടിക്രമങ്ങൾക്കും വിധേയമായി അന്തിമമായി തീരുമാനിക്കുന്നതാണ്.

4.4. ലേലത്തിൽ ഏറ്റവും ഉയർന്ന തുക വിളിച്ചതുകൊണ്ടോ ക്വട്ടേഷനിൽ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയതുകൊണ്ടോ മാത്രം പ്രസ്തുത വ്യക്തിക്ക് ലേലം/ക്വട്ടേഷൻ ലഭിച്ചതായി കണക്കാക്കുന്നതല്ല. നഗരസഭാ കൗൺസിലിന്റെ അംഗീകാരവും ആവശ്യമായ മറ്റ് നിയമാനുസൃത നടപടികളും പൂർത്തിയാകുന്നതുവരെ അത് താൽക്കാലികമായി മാത്രമേ പരിഗണിക്കുകയുള്ളൂ.

4.5. ഏറ്റവും ഉയർന്ന തുക ലഭിച്ച വ്യക്തിയുടെ ലേലം/ക്വട്ടേഷൻ സ്വീകരിക്കണമെന്ന നിർബന്ധിത ബാധ്യത നഗരസഭയ്ക്കില്ല. പൊതുതാൽപര്യം, നടപടിക്രമങ്ങളുടെ സാധുത, നിബന്ധനകളുടെ പാലനം, ലഭിച്ച തുകയുടെ യുക്തിസഹത എന്നിവ പരിഗണിച്ച് നഗരസഭാ കൗൺസിലിന് ലേലം/ക്വട്ടേഷൻ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്. നിരസിക്കുന്ന തീരുമാനം രേഖപ്പെടുത്തേണ്ടതാണ്.

4.6. ലേലത്തിൽ പങ്കെടുക്കുന്നവർ പരസ്പരം ധാരണയിലെത്തി മത്സരം തടസ്സപ്പെടുത്തുകയോ, വ്യാജരേഖകൾ സമർപ്പിക്കുകയോ, ഭീഷണിപ്പെടുത്തുകയോ, ലേലനടപടികൾ തടസ്സപ്പെടുത്തുകയോ ചെയ്യാൻ പാടില്ല. അത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട വ്യക്തിയെ നടപടികളിൽ നിന്ന് ഒഴിവാക്കുകയും നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

5. തുക അടയ്ക്കേണ്ട വ്യവസ്ഥകൾ

5.1. ലേലം/ക്വട്ടേഷൻ നഗരസഭാ കൗൺസിൽ അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന വിജയി, അംഗീകരിച്ച മൊത്തം തുകയുടെ 50 ശതമാനവും ബാധകമായ നികുതികളും അംഗീകാരവിവരം ലഭിച്ച ഉടൻ നഗരസഭയിൽ അടയ്ക്കേണ്ടതാണ്.

5.2. ശേഷിക്കുന്ന 50 ശതമാനം തുകയും ബാധകമായ മറ്റ് നികുതികളും ഫീസുകളും പൊളിക്കൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി നഗരസഭ നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ പൂർണ്ണമായും അടയ്ക്കേണ്ടതാണ്.

5.3. നിശ്ചിത സമയത്തിനുള്ളിൽ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, നഗരസഭയ്ക്ക് നിയമാനുസൃതമായി ലേലം/ക്വട്ടേഷൻ റദ്ദാക്കാനും നിരതദ്രവ്യം/അടച്ച തുക സംബന്ധിച്ച് നോട്ടീസിലെയും കരാറിലെയും വ്യവസ്ഥകൾക്കനുസൃതമായി നടപടി സ്വീകരിക്കാനും അവകാശമുണ്ടായിരിക്കും.

5.4. അടയ്ക്കേണ്ട നികുതികൾ, പ്രത്യേകിച്ച് ബാധകമായ GST അല്ലെങ്കിൽ മറ്റ് സർക്കാർ നികുതികൾ, നിലവിലുള്ള നിയമപ്രകാരം നിർണ്ണയിച്ച് വിജയി അടയ്ക്കേണ്ടതാണ്. നികുതി ബാധകമല്ലാത്ത സാഹചര്യത്തിൽ ബാധകമല്ലാത്ത നികുതി ഈടാക്കുന്നതല്ല.

5.5. നഗരസഭയുടെ ഔദ്യോഗിക രസീത് ലഭിച്ച ശേഷമേ തുക അടച്ചതായി കണക്കാക്കുകയുള്ളൂ.

6. കരാർ, കൈമാറ്റം, പ്രവൃത്തി ആരംഭിക്കൽ

6.1. ലേലം/ക്വട്ടേഷൻ അംഗീകരിക്കപ്പെട്ട വ്യക്തി നഗരസഭ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നഗരസഭയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

6.2. കരാറിൽ ലേലത്തുക, അടയ്ക്കേണ്ട തുക, പൊളിക്കൽ പ്രവൃത്തിയുടെ സമയപരിധി, അവശിഷ്ടങ്ങൾ നീക്കം ചെയ്യേണ്ട സമയം, സുരക്ഷാ വ്യവസ്ഥകൾ, നാശനഷ്ടങ്ങളുടെ ഉത്തരവാദിത്തം, വീഴ്ച സംഭവിച്ചാൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തുന്നതാണ്.

6.3. നഗരസഭയുടെ രേഖാമൂലമുള്ള അനുമതി/പ്രവൃത്തി ഉത്തരവ് ലഭിക്കുന്നതിന് മുമ്പ് കെട്ടിടം പൊളിക്കുകയോ വസ്തുക്കൾ നീക്കം ചെയ്യുകയോ ചെയ്യാൻ പാടില്ല.

6.4. നഗരസഭയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലത്തിന്റെ കൈവശം/പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതി രേഖാമൂലം കൈമാറിയശേഷം മാത്രമേ വിജയിക്ക് പൊളിക്കൽ പ്രവൃത്തി ആരംഭിക്കാൻ അനുവാദമുള്ളൂ.

6.5. ലേലത്തിൽ ലഭിച്ച അവകാശം നഗരസഭയുടെ മുൻകൂർ രേഖാമൂലമുള്ള അനുമതിയില്ലാതെ മറ്റൊരാൾക്ക് കൈമാറാനോ വിൽക്കാനോ പാടില്ല.

7. പൊളിക്കൽ പ്രവൃത്തിയും സുരക്ഷാ വ്യവസ്ഥകളും

7.1. നഗരസഭാ എൻജിനീയർ/അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന സമയക്രമത്തിലും സാങ്കേതിക നിർദ്ദേശങ്ങൾക്കും വിധേയമായിട്ടായിരിക്കണം കെട്ടിടങ്ങൾ പൊളിച്ചുനീക്കേണ്ടത്.

7.2. പൊളിക്കൽ പ്രവൃത്തി വിജയിയുടെ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നടത്തേണ്ടതാണ്. തൊഴിലാളികളുടെ വേതനം, ഉപകരണങ്ങൾ, യന്ത്രങ്ങൾ, ഗതാഗതം, സുരക്ഷാ സംവിധാനങ്ങൾ, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ മുഴുവനും വിജയി വഹിക്കേണ്ടതാണ്.

7.3. പൊളിക്കൽ പ്രവൃത്തിക്കിടെ പൊതുജനങ്ങൾക്കും സമീപത്തെ കെട്ടിടങ്ങൾക്കും വാഹനങ്ങൾക്കും പൊതുസ്വത്തിനും സ്വകാര്യസ്വത്തിനും നാശനഷ്ടമോ അപകടമോ ഉണ്ടാകാത്തവിധം ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

7.4. ആവശ്യമായ ബാരിക്കേഡുകൾ, മുന്നറിയിപ്പ് ബോർഡുകൾ, സുരക്ഷാ വലകൾ, തൊഴിലാളികൾക്കുള്ള സുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ വിജയി സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്.

7.5. പൊളിക്കൽ പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷ, തൊഴിൽനിയമങ്ങൾ, ഇൻഷുറൻസ്, അപകടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട നിയമപരമായ ബാധ്യതകൾ വിജയിക്കായിരിക്കും.

7.6. വൈദ്യുതി, ജലവിതരണം, മറ്റ് യൂട്ടിലിറ്റി കണക്ഷനുകൾ എന്നിവ വിച്ഛേദിക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുമായും നഗരസഭാ ഉദ്യോഗസ്ഥരുമായും ഏകോപിപ്പിച്ച്, സുരക്ഷ ഉറപ്പാക്കിയശേഷം മാത്രമേ പൊളിക്കൽ ആരംഭിക്കാവൂ.

7.7. നഗരസഭയുടെ ഉടമസ്ഥതയിലുള്ളതോ ലേലത്തിൽ ഉൾപ്പെടാത്തതോ ആയ മറ്റ് കെട്ടിടങ്ങൾ, വസ്തുക്കൾ, പൊതുസൗകര്യങ്ങൾ, റോഡുകൾ, വൈദ്യുതി/ജലവിതരണ സംവിധാനങ്ങൾ എന്നിവയ്ക്ക് കേടുപാടുകൾ വരുത്താൻ പാടില്ല. അത്തരം നാശനഷ്ടങ്ങൾ ഉണ്ടായാൽ വിജയി സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതും നഷ്ടപരിഹാരം നൽകേണ്ടതുമാണ്.

7.8. നഗരസഭയുടെ സാങ്കേതിക ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ ലംഘിക്കുന്ന പക്ഷം പ്രവൃത്തി നിർത്തിവെക്കാനും ആവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

8. പൊളിക്കൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ

8.1. പൊളിച്ചുനീക്കിയ കെട്ടിടങ്ങളിൽനിന്ന് ലഭിക്കുന്ന മുഴുവൻ അവശിഷ്ടങ്ങളും വസ്തുക്കളും വിജയി സ്വന്തം ചെലവിൽ സ്ഥലത്തുനിന്ന് നീക്കം ചെയ്യേണ്ടതാണ്.

8.2. പൊളിക്കൽ പ്രവൃത്തി പൂർത്തിയായതിനു ശേഷം പരമാവധി മൂന്ന് ദിവസത്തിനുള്ളിൽ പൊളിക്കൽ അവശിഷ്ടങ്ങൾ, മാലിന്യങ്ങൾ, മറ്റ് വസ്തുക്കൾ എന്നിവ മുഴുവനായും നീക്കം ചെയ്ത് സ്ഥലം വൃത്തിയാക്കി നഗരസഭയ്ക്ക് കൈമാറേണ്ടതാണ്.

8.3. അവശിഷ്ടങ്ങൾ പൊതുസ്ഥലത്തോ റോഡിലോ ജലാശയങ്ങളിലോ തോടുകളിലോ മറ്റേതെങ്കിലും അനധികൃത സ്ഥലങ്ങളിലോ നിക്ഷേപിക്കുകയോ കത്തിക്കുകയോ ചെയ്യാൻ പാടില്ല. നിലവിലുള്ള നിർമ്മാണ-പൊളിക്കൽ മാലിന്യ പരിപാലന നിയമങ്ങളും ബന്ധപ്പെട്ട അധികാരികളുടെ നിർദ്ദേശങ്ങളും പാലിച്ച് മാത്രമേ അവശിഷ്ടങ്ങൾ ശേഖരിക്കുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്യാവൂ.

8.4. പൊളിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊടിപടലങ്ങൾ, ശബ്ദം, ഗതാഗത തടസ്സം, പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ എന്നിവ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ വിജയി സ്വീകരിക്കേണ്ടതാണ്.

8.5. സ്ഥലത്ത് അവശിഷ്ടങ്ങളോ അപകടകരമായ വസ്തുക്കളോ ശേഷിക്കാതെ വൃത്തിയാക്കിയശേഷം നഗരസഭാ ഉദ്യോഗസ്ഥർക്ക് സ്ഥലം പരിശോധിച്ച് കൈമാറേണ്ടതാണ്.

9. പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സമയപരിധി

9.1. നഗരസഭ നിശ്ചയിച്ച് രേഖാമൂലം അറിയിക്കുന്ന സമയക്രമത്തിനുള്ളിൽ കെട്ടിടങ്ങൾ പൊളിച്ചുനീക്കേണ്ടതാണ്.

9.2. പൊളിക്കൽ പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം മൂന്ന് ദിവസത്തിനുള്ളിൽ അവശിഷ്ടങ്ങൾ മുഴുവനായും നീക്കം ചെയ്യേണ്ടതാണ്.

9.3. മതിയായ കാരണമില്ലാതെ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം നഗരസഭയ്ക്ക് കരാറിലെ വ്യവസ്ഥകൾക്കും ബാധകമായ നിയമങ്ങൾക്കും വിധേയമായി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

9.4. വിജയിയുടെ വീഴ്ച മൂലം നഗരസഭയ്ക്ക് അധിക ചെലവോ നഷ്ടമോ ഉണ്ടായാൽ, അത് നിയമാനുസൃതമായി വിജയിയിൽനിന്ന് ഈടാക്കുന്നതാണ്.

10. നിരതദ്രവ്യം തിരികെ നൽകലും വീഴ്ച സംഭവിച്ചാൽ സ്വീകരിക്കുന്ന നടപടികളും

10.1. ലേലത്തിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം നഗരസഭയുടെ നടപടിക്രമങ്ങൾക്കനുസൃതമായി തിരികെ നൽകുന്നതാണ്. അതിന് പലിശ നൽകുന്നതല്ല.

10.2. ക്വട്ടേഷൻ നിരസിക്കപ്പെട്ടവരുടെ നിരതദ്രവ്യവും നഗരസഭയുടെ നടപടിക്രമങ്ങൾക്കനുസൃതമായി തിരികെ നൽകുന്നതാണ്. അതിന് പലിശ നൽകുന്നതല്ല.

10.3. വിജയി ലേലം/ക്വട്ടേഷൻ അംഗീകരിച്ചശേഷം നിശ്ചിത സമയത്തിനുള്ളിൽ തുക അടയ്ക്കാതിരിക്കുകയോ കരാറിൽ ഏർപ്പെടാതിരിക്കുകയോ പ്രവൃത്തി ആരംഭിക്കാതിരിക്കുകയോ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ, കാരണം കാണിക്കൽ നോട്ടീസ് ഉൾപ്പെടെയുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചശേഷം കരാർ റദ്ദാക്കാനും നിയമാനുസൃതമായി നിരതദ്രവ്യം/അടച്ച തുക കണ്ടുകെട്ടാനും തുടർനടപടികൾ സ്വീകരിക്കാനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

10.4. നിരതദ്രവ്യം കണ്ടുകെട്ടൽ ഉൾപ്പെടെയുള്ള നടപടികൾ നോട്ടീസിലെ വ്യവസ്ഥകൾക്കും ബാധകമായ നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കും.

11. സ്ഥലം പരിശോധിക്കൽ

11.1. ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ ഉൾപ്പെട്ട മത്സ്യമാർക്കറ്റും വടക്കുഭാഗത്തെ കടമുറികളും അവിടെയുള്ള വസ്തുക്കളും നേരിട്ട് പരിശോധിച്ച് അവയുടെ നിലവിലെ അവസ്ഥയും പൊളിക്കൽ പ്രവൃത്തിയുടെ സ്വഭാവവും മനസ്സിലാക്കേണ്ടതാണ്.

11.2. സ്ഥലം പരിശോധിക്കാതിരുന്നതിന്റെ പേരിൽ പിന്നീട് തുകയിലോ വ്യവസ്ഥകളിലോ ഇളവ് ആവശ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

11.3. സ്ഥലം പരിശോധിക്കുന്നതിനും അനുബന്ധ സാങ്കേതിക രേഖകൾ കാണുന്നതിനും നഗരസഭാ ഓഫീസുമായി മുൻകൂട്ടി ബന്ധപ്പെടാവുന്നതാണ്.

12. പത്രപരസ്യവും പൂർണ്ണ നോട്ടീസും

12.1. പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യം സ്ഥലപരിമിതിയും പ്രസിദ്ധീകരണച്ചെലവും കണക്കിലെടുത്ത് ലേലം/ക്വട്ടേഷൻ സംബന്ധിച്ച പ്രധാന വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സംക്ഷിപ്ത അറിയിപ്പ് മാത്രമായിരിക്കും.

12.2. പത്രപരസ്യം ഈ പൂർണ്ണ ലേലം/ക്വട്ടേഷൻ നോട്ടീസിനും അതിന്റെ അനുബന്ധ രേഖകൾക്കും പകരമല്ല.

12.3. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത, നിരതദ്രവ്യം, ക്വട്ടേഷൻ സമർപ്പിക്കേണ്ട രീതി, തുക അടയ്ക്കൽ, കരാർ, പൊളിക്കൽ, അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ, സമയപരിധി, സുരക്ഷാ വ്യവസ്ഥകൾ, വീഴ്ച സംഭവിച്ചാൽ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയ വിശദമായ നിബന്ധനകൾ ഈ പൂർണ്ണ നോട്ടീസിലും അനുബന്ധ രേഖകളിലും പ്രതിപാദിച്ചിട്ടുള്ളതായിരിക്കും.

12.4. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ പത്രപരസ്യം മാത്രം ആശ്രയിക്കാതെ പൂർണ്ണ നോട്ടീസും അനുബന്ധ രേഖകളും വായിച്ച് മനസ്സിലാക്കേണ്ടതാണ്.

12.5. പത്രപരസ്യത്തിലെ സംക്ഷിപ്ത വിവരങ്ങളും പൂർണ്ണ നോട്ടീസിലെ വിശദമായ വ്യവസ്ഥകളും തമ്മിൽ വ്യത്യാസമുണ്ടാകുകയും അത് ലേലത്തിലെ പ്രധാന വ്യവസ്ഥകളെ ബാധിക്കുകയും ചെയ്യുന്നുവെങ്കിൽ, ബാധകമായ നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ച് നഗരസഭ ആവശ്യമായ തിരുത്തൽ പരസ്യം (Corrigendum) പ്രസിദ്ധീകരിക്കുകയോ ലേല/ക്വട്ടേഷൻ തീയതി നീട്ടുകയോ ചെയ്യുന്നതാണ്. നിയമപരമായി നിർബന്ധമായും പരസ്യത്തിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങളെ ഈ വ്യവസ്ഥ ഒഴിവാക്കുന്നതല്ല.

13. നഗരസഭയുടെ അവകാശങ്ങൾ

13.1. ലേലം/ക്വട്ടേഷൻ സംബന്ധിച്ച നടപടിക്രമങ്ങളിൽ നിയമപരമായോ സാങ്കേതികമായോ അപാകതകൾ കണ്ടെത്തിയാൽ, നഗരസഭയ്ക്ക് ലേലം/ക്വട്ടേഷൻ റദ്ദാക്കുകയോ മാറ്റിവെക്കുകയോ വീണ്ടും നടത്തുകയോ ചെയ്യാവുന്നതാണ്.

13.2. ലഭിച്ച തുക യുക്തിസഹമല്ലെന്ന് നഗരസഭയ്ക്ക് ബോധ്യപ്പെട്ടാൽ, ആവശ്യമായ കാരണം രേഖപ്പെടുത്തി ലേലം/ക്വട്ടേഷൻ അംഗീകരിക്കാതിരിക്കാവുന്നതാണ്.

13.3. നഗരസഭാ കൗൺസിലിന്റെ അന്തിമ തീരുമാനം, സർക്കാർ ഉത്തരവുകൾ, നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായിട്ടായിരിക്കും ലേലം/ക്വട്ടേഷൻ നടപടികൾ പൂർത്തിയാക്കുന്നത്.

13.4. നോട്ടീസിൽ വ്യക്തമായി പറയാത്തതും പ്രവൃത്തി നിർവഹണത്തിന് ആവശ്യമായതുമായ കാര്യങ്ങളിൽ നഗരസഭാ എൻജിനീയർ/സെക്രട്ടറി നൽകുന്ന നിയമാനുസൃത നിർദ്ദേശങ്ങൾ വിജയി പാലിക്കേണ്ടതാണ്.

14. അവധി ദിവസങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ

14.1. ലേലം നടത്താൻ നിശ്ചയിച്ചിരിക്കുന്ന ദിവസം സർക്കാർ/ബന്ധപ്പെട്ട അധികാരികൾ പ്രഖ്യാപിക്കുന്ന പൊതുഅവധിയായാൽ, അടുത്ത പ്രവൃത്തിദിവസം അതേ സമയത്ത് ലേലം നടത്തുന്നതാണ്.

14.2. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസം പൊതുഅവധിയായാൽ, അടുത്ത പ്രവൃത്തിദിവസം രാവിലെ 11.00 മണിവരെ ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്. അത്തരം സാഹചര്യത്തിൽ ലേലം അന്നേ ദിവസം രാവിലെ 11.30 മണിക്ക് നടത്തുന്നതാണ്.

15. പൊതുവ്യവസ്ഥകൾ

15.1. ഈ നോട്ടീസിൽ പറയുന്ന വ്യവസ്ഥകൾക്ക് പുറമേ, ബാധകമായ കേരള മുനിസിപ്പാലിറ്റി ആക്ട്, 1994, കേരള മുനിസിപ്പാലിറ്റി (Acquisition and Disposal of Property) Rules, 2000, പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ, നിർമ്മാണ-പൊളിക്കൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, നഗരസഭാ കൗൺസിൽ തീരുമാനങ്ങൾ എന്നിവയും പാലിക്കേണ്ടതാണ്.

15.2. പൊളിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബാധകമായ പരിസ്ഥിതി-മാലിന്യ പരിപാലന ചട്ടങ്ങളും ബന്ധപ്പെട്ട അധികാരികളുടെ നിർദ്ദേശങ്ങളും വിജയി പാലിക്കേണ്ടതാണ്.

15.3. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഈ നോട്ടീസിലെ എല്ലാ വ്യവസ്ഥകളും അംഗീകരിച്ചിട്ടുള്ളതായി കണക്കാക്കുന്നതാണ്.

15.4. ലേലം/ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും പൂർണ്ണ നോട്ടീസിന്റെയും അനുബന്ധ രേഖകളുടെയും പരിശോധനയ്ക്കും പരപ്പനങ്ങാടി നഗരസഭാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ലേല തീയതി:	10/11/2026
ലേല സമയം:	രാവിലെ 11.00 മണി
ലേലം നടക്കുന്ന സ്ഥലം:	പരപ്പനങ്ങാടി നഗരസഭാ ഓഫീസ്
ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി:	09/11/2026 വൈകുന്നേരം 4.00 മണി
നിരതദ്രവ്യം:	₹5,000/- (ലേലത്തിനും ക്വട്ടേഷനും പ്രത്യേകം)

MUNICIPAL OFFICE * MALAPPURAM DT. * PARAPPANANGADI-676303

സെക്രട്ടറി
പരപ്പനങ്ങാടി നഗരസഭ

പകർപ്പ്:

1. നോട്ടീസ് ബോർഡ്
2. പരപ്പനങ്ങാടി, നെടുവ വില്ലേജ് ഓഫീസ്
3. tender.lsgkerala.gov.in/നഗരസഭാ വെബ്സൈറ്റ്